ഉത്തരം

(എ), (ബി) കാർഷികാവശ്യത്തിനുള്ള പമ്പുസെറ്റുകൾക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് മറ്റ് കാറ്റഗറികളിലുള്ള കണക്ഷനെ അപേക്ഷിച്ച് മുൻഗണനയുണ്ട്. വൈദ്യുത കണക്ഷൻ നൽകാൻ 10,000 രൂപവരെ ചെലവുള്ള കാർഷിക കണക്ഷനുകളെ മിനിമം ഗ്യാരണ്ടിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കിട്ടിയിടത്തോളം അപേക്ഷകളിൻമേൽ ഈ സാമ്പത്തികവർഷം തന്നെ കണക്ഷൻ നൽകണമെന്ന് ബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

കുറുമ്പൊയിൽ പ്രദേശത്ത് വൈദ്യുതി എത്തിക്കുവാൻ നടപടി

202. [254] ശ്രീ. എസ്. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സെക്ഷനിൽപ്പെട്ട കുറുമ്പൊയിൽ പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എന്തായി എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പ്രവർത്തി എന്നു പൂർത്തിയാകും ?

ഉത്തരം

(എ) ലൈൻ നിർമ്മാണത്തിനുള്ള കരാർ നൽകുന്നതിന് നടപടികൾ എടുത്തു വരികയാണ്.

(ബി) ഇത് മുൻഗണനാക്രമത്തിൽ ഒന്നാമത്തേതാണ്. കഴിവതും വേഗത്തിൽ പൂർത്തിയാകുന്നതാണ്.

നൻമണ്ട പഞ്ചായത്ത് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ

203. [255] ശ്രീ. എ. സി ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട നൻമണ്ട പഞ്ചായത്ത് ഗ്രാമീണ ശുദ്ധജല പദ്ധതിക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) വൈദ്യുത കണക്ഷൻ എന്ന് നൽകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ലൈനിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു.

(ബി) ഉപഭോക്താവ് രജിസ്ട്രേർ ചെയ്താലുടൻ കണക്ഷൻ നൽകാൻ കഴിയും.

എടക്കര പ്രദേശം വൈദ്യുതീകരിക്കാൻ നടപടി

204. [256] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എരണിക്കൽ സെക്ഷനിൽപ്പെട്ട എടക്കര പ്രദേശം വൈദ്യുതീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly